# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം
നമ്പർ : 1487.

14..12..2012-ൽ മറുപടിക്ക്

## ഓട്ടോമാറ്റിക് മിൽക്ക് കളക്ഷൻ സെന്ററുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.ഡി. സതീശൻ;<br>" ഡൊമനിക് പ്രസന്റേഷൻ;<br>" ഐ.സി. ബാലകൃഷ്ണൻ;<br>" വർക്കല കഹാർ: | ശ്രീ. കെ.സി. ജോസഫ്.<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ ക്ഷീരസംഘങ്ങളിൽ ഓട്ടോമാറ്റിക് മിൽക്ക് കളക്ഷൻ സെന്ററുകൾ സ്ഥാപിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) സംസ്ഥാനത്തെ 500 ലിറ്ററോ അതിന് മുകളിലോ ദിനംപ്രതി പാൽ ശേഖരിക്കുന്ന മിക്ക ക്ഷീരസംഘങ്ങളിലും ഓട്ടോമാറ്റിക് മിൽക്ക് കളക്ഷൻ യൂണിറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. മിൽമയുടെ കീഴിൽ പ്രവർത്തിക്കുന്ന ഏകദേശം 743 സംഘങ്ങളിൽ ഓട്ടോമാറ്റിക് മിൽക്ക് കളക്ഷൻ യൂണിറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത സെന്ററുകളുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തൊക്കെയാണ് ; വിശദാംശങ്ങൾ എന്തെല്ലാമാണ്; | (ബി) ക്ഷീരകർഷകർ സംഘത്തിൽ നല്കുന്ന പാലിന്റെ അളവും വിലയും അവരെ ബോധ്യപ്പെടുത്തി സുതാര്യത ഉറപ്പ് വരുത്തുന്നതിലേയ്ക്ക് വേണ്ടിയാണ് ഓട്ടോമാറ്റിക് മിൽക്ക് കളക്ഷൻ യൂണിറ്റുകൾ സ്ഥാപിച്ചിട്ടുള്ളത്. സംഘത്തിൽ പാൽ അളക്കുമ്പോൾ തന്നെ പാലിന്റെ അളവ്, കൊഴുപ്പ്, ലിറ്ററിനുള്ള പാലിന്റെ വില, ആകെ വില, എന്നിവ കംപ്യൂട്ടറിൽ തന്നെ പ്രിന്റ് ചെയ്ത് ക്ഷീരകർഷകന് നല്കുന്നു. ഇത് മൂലം അളവ്, വില എന്നിവ കർഷകർക്ക് നേരിട്ട് കണ്ട് ബോധ്യപ്പെടുവാനും, കർഷകർക്ക് ന്യായമായ പാൽവില ലഭിക്കുവാനും അവസരം കിട്ടുന്നു. |

| | | | |
|---|---|---|---|
| (സി) | സംഘങ്ങളിലെ പാൽ സംഭരണം സുതാര്യമാക്കുന്നതിന് പ്രസ്തുത സെന്ററുകൾ എങ്ങനെ പ്രയോജനപ്പെടുത്താമെന്നാണ് ലക്ഷ്യമിട്ടിരിക്കുന്നത്; വിശദമാക്കുമോ; എല്ലാ സംഘങ്ങളിലും ഇവ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | സംഘങ്ങളിലെ പാൽ സംഭരണം സുതാര്യമാക്കുന്നതിനും പാൽ അളവ്, വില എന്നിവ കർഷകർക്ക് നേരിട്ട് അറിയുന്നതിനും ആട്ടോമാറ്റിക് മിൽക്ക് കളക്ഷൻ യൂണിറ്റുകൾ വളരെ പ്രയോജനകരമാണ്. ജീവനക്കാരുടെ ജോലിഭാരം കുറയ്ക്കുന്നതിനും ഇത് സഹായിക്കുന്നു. ഇവ എല്ലാ സംഘങ്ങളിലും സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ